**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3551** **02-03-2023 - ൽ മറുപടിയ്ക്ക്**

**കേരള സാങ്കേതിക സർവകലാശാല സിൻഡിക്കേറ്റ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സാങ്കേതിക സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലുമായി പുതുതായി ആറുപേരെ കൂടി നാമനിർദേശം ചെയ്യുവാനുള്ള നിയമ ഭേദഗതി ഓർഡിനൻസ് എന്നാണ് പുറപ്പെടുവിച്ചതെന്ന് അറിയിക്കാമോ; | (എ) | കേരള സാങ്കേതിക സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലും പുതുതായി ആറുപേരെ കൂടി നാമനിർദ്ദേശം ചെയ്യുവാനുള്ള വ്യവസ്ഥകളും മറ്റ വ്യവസ്ഥകളും ഉൾപ്പെടുത്തി 2021-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവകലാശാല (ഭേദഗതി) ഓർഡിനൻസ് (2021-ലെ 39-ാം നമ്പർ ഓർഡിനൻസ്) 20.02.2021-നാണ് പുറപ്പെടുവിച്ചത്. |
| (ബി) | പ്രസ്തുത ഓർഡിനൻസ് എത്ര പ്രാവശ്യം റീപ്രൊമൽഗേറ്റ് ചെയ്തുവെന്ന് വ്യക്തമാക്കാമോ; | (ബി) | യഥാക്രമം 50/2021, 94/2021 എന്നീ നമ്പർ ഓർഡിനൻസുകളായി രണ്ടു തവണ പുനഃവിളംബരം ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയം സംബന്ധിച്ച ബില്ല് നിയമസഭ അംഗീകരിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ; | (സി) | 94/2021 വ്യവസ്ഥകളും മറ്റ വ്യവസ്ഥകളും ഉൾപ്പെടുന്ന 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2 നമ്പർ) ബിൽ (ബിൽ നമ്പർ 50), 28.10.2021-നാണ് നിയമസഭ പാസ്സാക്കിയത്. |
| (ഡി) | പ്രസ്തുത ബില്ല് ഗവർണർ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത ബിൽ ഗവർണറുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ